**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 10** **27-01-2026 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ആൻസലൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. പി.പി. സുമോദ്,<br>ശ്രീ. എ. രാജ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമാക്കി മാറ്റുന്നതിലൂടെ സംസ്ഥാനം കൈവരിച്ച നേട്ടം രാജ്യത്തിനു തന്നെ മാതൃകയാണെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. ഇന്ത്യയിൽ ഇത്തരത്തിൽ നടപ്പാക്കിയ ആദ്യത്തെ പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. ആയതിനാൽ ഈ പദ്ധതി രാജ്യത്തിനുതന്നെ മാതൃകയാണ്.<br><br>നീതി ആയോഗിന്റെ കണക്കുകൾ അനുസരിച്ച് രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനമാണ് കേരളം. 2021-ൽ ജനസംഖ്യയുടെ 0.7% മാത്രമായിരുന്നു ദരിദ്രരുടെ അളവായി നീതി ആയോഗ് കണ്ടെത്തിയത്. മറ്റ് സംസ്ഥാനങ്ങളും രാജ്യങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ അതിദാരിദ്ര്യ നിർമ്മാർജ്ജനം ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കി അവസാനത്തെ അതിദരിദ്രനെയും അതിൽ നിന്ന് മോചിപ്പിയ്ക്കുക വഴി, മറ്റേതൊരു വികസന പരിപാടിയിൽ എന്ന പോലെ മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും കേരളം ഒരു മാതൃകയാവുക എന്ന സന്ദേശമാണ് നൽകുന്നത്. |
| (ബി) | സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊണ്ടത് എന്നാണെന്നും ആയതിന്റെ സമയബന്ധിതമായ നടത്തിപ്പിനായി എന്തെല്ലാം പ്രാഥമിക പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയതെന്നും വ്യക്തമാക്കാമോ; | (ബി) | ദാരിദ്ര്യവുമായി ബന്ധപ്പെട്ട ശരാശരി കണക്കുകളുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും, അതിദാരിദ്ര്യം മൂലം കഷ്ടതയനുഭവിയ്ക്കുന്ന ഒരു ചെറിയ ജനസംഖ്യ നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. ഈ അതിദാരിദ്ര്യം നേരിടുന്ന കുടുംബങ്ങളെ അതിൽ നിന്ന് മുക്തരാക്കുന്നത് ലക്ഷ്യമിട്ട്, 2021 മേയ് 20-ന് ചേർന്ന ഈ മന്ത്രിസഭയുടെ ആദ്യ യോഗത്തിലെ തീരുമാന പ്രകാരം ആരംഭിച്ചതാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2025 നവംബറോട് കൂടി സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം.<br><br>16.07.2021 തീയതിയിലെ സ.ഉ. (കൈ) നമ്പർ.145/2021-തസ്വഭവ പ്രകാരം അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു. ആയത് പ്രകാരം സർവേ നടപടികൾ 2021 ജൂലൈ മാസത്തിൽ ആരംഭിച്ച് 2022 ഫെബ്രുവരി മാസത്തിൽ അവസാനിച്ചു. തദ്ദേശ സ്ഥാപന തലത്തിലും ഡിവിഷൻ/വാർഡ് തലങ്ങളിലും സാമൂഹിക സംഘടനകൾ, വിഷയമേഖലാ വിദഗ്ധർ, എന്നിവരെ പങ്കെടുപ്പിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന തയ്യാറാക്കിയ അതിദരിദ്രരുടെ പ്രാഥമിക പട്ടികയിന്മേൽ വിശദമായ വിവരശേഖരണം നടത്തി കുടുംബങ്ങളെ സംബന്ധിച്ച ഡാറ്റാ സൂപ്പർ ചെക്ക് നടത്തി കുറ്റമറ്റതാക്കി, ഗ്രാമ/വാർഡ് സഭകളുടെയും തദ്ദേശസ്ഥാപനത്തിന്റെയും അംഗീകാരത്തോടെയാണ് അന്തിമ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിലാണ് അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തിയിട്ടുള്ളത്. സംസ്ഥാനത്ത് 64006 കുടുംബങ്ങളെ ഈ പദ്ധതിയുടെ സഹായം ആവശ്യമുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. 08.07.2022 തീയതിയിലെ സ.ഉ. (കൈ) നമ്പർ.146/2022-തസ്വഭവ പ്രകാരം അതിദരിദ്ര കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്നും മോചിപ്പിക്കുന്നതിന് മൈക്രോപ്ലാൻ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചു.<br>മൈക്രോപ്ലാൻ പ്രകാരമുള്ള സേവനങ്ങൾ അർഹരായ എല്ലാ കുടുംബങ്ങൾക്കും നല്കി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പൂർത്തീകരിച്ചതായി 01.11.2025 തിയതിയിൽ കൂടിയ പ്രത്യേക നിയമസഭാ സമ്മേളനത്തിൽ ബഹു . മുഖ്യമന്ത്രി പ്രഖ്യാപിച്ചു. |
| (സി) | വിവിധ തരത്തിലുള്ള ക്ലേശഘടകങ്ങൾ കണ്ടെത്തുന്നതിനായി നടപ്പിലാക്കിയ സർവ്വേകളുടെയും വകുപ്പുകളുടെ ഏകോപനവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (സി) | ♦അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ കിലയുടെ നേതൃത്വത്തിൽ തയ്യാറാക്കുകയും ജന പ്രതിനിധികൾ, ഉദ്യോഗസ്ഥർ ഉൾപ്പെടെ ഏകദേശം നാല് ലക്ഷം പേർക്ക് കിലയുടെ നേതൃത്വത്തിൽ പരിശീലനം നൽകുകയും ചെയ്തു.<br><br>♦തദ്ദേശസ്വയംഭരണ സ്ഥാപന തലങ്ങളിലും വാർഡ്/ ഡിവിഷൻ തലങ്ങളിലും സമഗ്രമായ പങ്കാളിത്ത പ്രക്രിയയിലൂടെയാണ് അതിദരിദ്ര കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയത്. |

♦സാമൂഹിക സംഘടനകൾ, വിഷയ മേഖലാ വിദഗ്ധർ, എന്നിവരെ പങ്കെടുപ്പിച്ച് ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന വിവിധ പദ്ധതികളിൽ ഒഴിവായിപ്പോയവർ, അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവർ ഉൾപ്പെടെ ആകെ 1,18,309 കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി.

♦അതിൽ നിന്ന് തദ്ദേശ സ്ഥാപന തലത്തിൽ രൂപീകരിച്ച ഉപസമിതികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 87,158 കുടുംബങ്ങളുടെ ചുരുക്ക പട്ടിക തയ്യാറാക്കി.

♦തുടർന്ന്, പ്രത്യേകം വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച്, പരിശീലനം ലഭിച്ച വോളണ്ടീയർമാരുടെ സഹായത്തോടെ 87,158 കുടുംബങ്ങളുടെയും വിശദാംശങ്ങൾ, അവരുടെ വീടുകൾ സന്ദർശിച്ച് ശേഖരിച്ചു.

♦അങ്ങനെ ശേഖരിച്ച വിവരങ്ങളുടെ 20 ശതമാനം, പ്രത്യേക ഉദ്യോഗസ്ഥ സംഘങ്ങളെ നിയോഗിച്ച് സൂപ്പർചെക്ക് നടത്തി 73,747 കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി.

♦ഇങ്ങനെ തയ്യാറാക്കിയ പട്ടികകൾ അതത് ഗ്രാമസഭ/വാർഡ് സഭകളിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ ഒഴിവാക്കി അംഗീകാരം വാങ്ങിയ ശേഷം, തദ്ദേശ സ്ഥാപന തലത്തിൽ അംഗീകാരം നൽകി 1,03,099 വ്യക്തികൾ ഉൾപ്പെടുന്ന 64,006 അതിദരിദ്ര കുടുംബങ്ങളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു.

തദ്ദേശ സ്വയംഭരണ വകുപ്പ് നോഡൽ ഏജൻസിയായാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി വിജയമാക്കുന്നതിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സാമൂഹ്യ നീതി വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ്, ഗതാഗത വകുപ്പ്, റവന്യൂ വകുപ്പ്, കുടുംബശ്രീ മിഷൻ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പട്ടികജാതി വികസന വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ്, സാമൂഹ്യ സുരക്ഷാ മിഷൻ, ഫിഷറീസ് വകുപ്പ്, KSEB, കേരള വാട്ടർ അതോറിറ്റി, ശുചിത്വ മിഷൻ എന്നിവയുടെ കൂട്ടായ പ്രവർത്തനങ്ങൾ സഹായകരമായി.

ബഹു. മുഖ്യ മന്ത്രിയും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയും അവലോകന യോഗങ്ങൾ നടത്തി വകുപ്പുതല ഏകോപനം സാദ്ധ്യമാക്കുന്നതിനും

| | | | |
|---|---|---|---|
| | | | പ്രശ്നപരിഹാരത്തിനുമുള്ള നടപടികൾ അതാതു സമയം സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനം അതിദാരിദ്ര്യ വിമുക്തമായി തുടരുന്നു എന്ന് ഉറപ്പാക്കാൻ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് അറിയിക്കാമോ? | (ഡി) | ആരോഗ്യം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്കുള്ള ചികിത്സയും മരുന്നും പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ളവർക്കുള്ള സേവനങ്ങളും തുടർന്നും നല്കിവരുന്നുണ്ട്.<br>ഭക്ഷണം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണം നല്കുന്നതിനുള്ള നടപടികളും തുടർന്നുവരുന്നുണ്ട്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നിലവിലുള്ള സേവനങ്ങൾ മെച്ചപ്പെടുത്തിയും വികസിപ്പിച്ചും ദേശീയ ബഹുമുഖ ദാരിദ്ര്യ സൂചിക, സുസ്ഥിര വികസന ലക്ഷ്യങ്ങൾ, പഞ്ചായത്ത് അഡ്വാൻസ്മെന്റ് ഇൻഡെക്സ് എന്നീ പ്രധാന സൂചികകളിലെ മാനദണ്ഡങ്ങൾ കൈവരിക്കുന്നതിന് അതിദരിദ്ര കുടുംബങ്ങളെയും തദ്ദേശ സ്ഥാപനങ്ങളെയും പ്രാപ്തരാക്കുന്നതിന് കൂടി കഴിയുന്ന രീതിയിൽ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ തുടർ പദ്ധതികൾ (EPEP 2.0) വിഭാവനം ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ